## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5864

19.11.2019 ൽ മറുപടിക്ക്

### കെ - സ്വിഫ്റ്റ് പോർട്ടൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കെ-സ്വിഫ്റ്റ് പോർട്ടലിൽ ഇതുവരെ രജിസ്റ്റർ ചെയ്ത അപേക്ഷകൾ എത്രയാണെന്നും, അതിൽ നിബന്ധന പാലിച്ച് ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിന് അനുമതി നൽകിയെന്നും, സംസ്ഥാന തലത്തിൽ അനുമതി ആവശ്യമുള്ളവ എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വിവിധ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിനുമായി കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 691 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 326 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ എന്ന നിബന്ധന പാലിച്ച്, ലഭിച്ച അപേക്ഷകളിൽ 25 ക്ലിയറൻസുകളും അല്ലാതെ 122 ഡീംഡ് ലൈസൻസുകളും കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. കെ-സ്വിഫ്റ്റ് പോർട്ടലിൽ ലഭിച്ച അപേക്ഷകളിൽ ഇപ്പോൾ സംസ്ഥാന തലത്തിൽ വിവിധ വകുപ്പുകളിലായി 29 ക്ലിയറൻസുകൾക്ക് അനുമതി ആവശ്യമുണ്ട്. |
| (ബി) | കെ-സ്വിഫ്റ്റ് പോർട്ടൽ ഏത് ഏജൻസിയാണ് വികസിപ്പിച്ച് നൽകിയതെന്നും പ്രസ്തുത ഏജൻസിക്ക് ഇതിനായി നാളിതുവരെ എത്ര തുക നൽകിയെന്നും വെളിപ്പെടുത്തുമോ? | (ബി) | നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC) എന്ന ഏജൻസിയാണ് കെ-സ്വിഫ്റ്റ് സംവിധാനം വികസിപ്പിച്ചത്. പ്രസ്തുത ഏജൻസിക്ക് നാളിതുവരെ കെ-സ്വിഫ്റ്റ് പോർട്ടൽ രൂപീകരിക്കുന്നതിനായി 24,50,000/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ